(1)	(2)	(3)
5.	സപ്പോർട്ട് ഫോർ മെയിന്റനൻസ് ഓഫ് മൾബറി ഗാർഡൻഫോർ എക്സിറ്റിംഗ് സെറികൾച്ചറൽ ഫാർമേഴ്സ്	26.98
6.	ക്രോപ്പ് ഇൻഷ്വറൻസ് സപ്പോർട്ട്	6.00
7.	ക്വാളിറ്റി ലിങ്ക്ഡ് കൊക്കൂൺ പ്രൊക്വയർമെന്റ് സിസ്റ്റം	100.00
8.	സപ്പോർട്ട് ഫോർ മൾബറി പ്ലാന്റേഷൻ ആന്റ് സിൽക്ക് വേം റിയറിംഗ്	100.00
	ആകെ	3,49,23,000

15-3-2010-ലെ GO. (Ms) 58/2010/ID ഉത്തരവ് പ്രകാരം സെറിഫെഡ് നിർത്തൽ ചെയ്ത സാഹചര്യത്തിൽ മേൽ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് ഗ്രാമവികസന കമ്മീഷണറെയും കേരള ഖാദി ബോർഡ് സെക്രട്ടറിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇസ്ലാമിക് ബാങ്കിന്റെ പ്രവർത്തനം

185 (T2215) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഇസ്ലാമിക് ബാങ്കിന്റെ തുടർനടപടിയുമായി മുന്നോട്ടുപോകുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇതിനായി നേരത്തെ സർക്കാർ സഹായത്തോടെ അൽബറാക്ക് ഫിനാൻഷ്യൽ സർവ്വീസ് എന്ന പേരിൽ ഒരു കമ്പനിക്ക് രൂപം നൽകിയിരുന്നോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ബാങ്കിലെ നിക്ഷേപവും വായ്പയും പൂർണ്ണമായും പലിശരഹിതമായിരിക്കുമോ ; നിക്ഷേപ വാഗ്ദാനം ലഭിക്കുകയുണ്ടായോ ; എങ്കിൽ എത്ര കോടി രൂപയുടേതെന്ന് വ്യക്തമാക്കുമോ ;

(ഡി) എല്ലാത്തരം ബിസിനസ്സുകൾക്കും വായ്പ നൽകുമോ ; അല്ലെങ്കിൽ വായ്പയുടെ കാര്യത്തിൽ നിയന്ത്രണമുണ്ടാകുമോ ;

(ഇ) ബാങ്കിന്റെ മൊത്തത്തിലുള്ള പ്രവർത്തന രീതിയെക്കുറിച്ച് വിശദാംശങ്ങൾ നൽകുമോ ;

(എഫ്) ബാങ്കിന്റെ ലാഭവിഹിതം എന്തിനൊക്കെ വിനിയോഗിക്കുമെന്ന് വ്യക്തമാക്കുമോ ?

T മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഇസ്ലാമിക് ഫിനാൻഷ്യൽ സ്ഥാപനത്തിന്റെ തുടർനടപടിയുമായി മുന്നോട്ട് പോകുകയാണ്. കെ.എസ്.ഐ.ഡി.സി.-ക്ക് ഈ സ്ഥാപനത്തിൽ 11% ഓഹരി പങ്കാളിത്തം നടത്തുവാനുള്ള തടസ്സം മാറിയിട്ടുണ്ട്.

(ബി) സ്വകാര്യ പങ്കാളിത്തത്തോടെ അൽബറാക്ക് ഫിനാൻഷ്യൽ സർവ്വീസസ് എന്ന ഒരു കമ്പനി ആരംഭിച്ചിട്ടുണ്ട്. എന്നാൽ കേസ് നിലനിന്നിരുന്നതുകൊണ്ട് കെ.എസ്.ഐ.ഡി.സി.-ക്ക് പ്രസ്തുത കമ്പനിയിൽ ഓഹരി നിക്ഷേപം നടത്തുവാൻ സാധിച്ചിരുന്നില്ല. ഇപ്പോഴത്തെ ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ കെ.എസ്.ഐ.ഡി.സി. 11% ഓഹരി നിക്ഷേപവുമായി മുന്നോട്ട് പോകുന്നതാണ്.

(സി) നിക്ഷേപത്തിനും വായ്പയ്ക്കും പൂർണ്ണ പലിശരഹിതമായ സ്ഥാപനമായിട്ടാണ് അൽബറാക്ക് ഫിനാൻഷ്യൽ സർവ്വീസസ് എന്ന കമ്പനി വിഭാവനം ചെയ്തിരിക്കുന്നത്. റിസർവ്വ് ബാങ്കിന്റെ അനുമതിക്കുശേഷം മാത്രമേ നിക്ഷേപമോ, വായ്പയോ സംബന്ധിച്ചുള്ള കാര്യങ്ങൾ തീരുമാനിക്കുവാൻ സാധിക്കുകയുള്ളു.

(ഡി) റിസർവ്വ് ബാങ്കിന്റെ അനുവാദത്തോടെയും നിയന്ത്രണങ്ങൾക്ക് വിധേയമായും ശരീഅത്ത് വ്യവസ്ഥകൾക്ക് അനുസൃതമായുമാണ് വായ്പകൾ നൽകുക.

(ഇ) ഇസ്ലാമിക് ഫിനാൻഷ്യൽ സ്ഥാപനത്തിന്റെ പ്രവർത്തനം പൂർണ്ണമായും ആർ.ബി.ഐ.-യുടെയും, സെബിയുടെയും നിയന്ത്രണമുള്ള ധനകാര്യ സ്ഥാപനം എന്ന നിലയിലായിരിക്കും.

(എഫ്) ലാഭവിഹിതം എന്തിനൊക്കെ വിനിയോഗിക്കാമെന്നത് ഈ സ്ഥാപനത്തിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ സമയാസമയങ്ങളിലുള്ള തീരുമാനങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും.